ജി(4) 16511/18

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി, 29.8.2018

## സർക്കുലർ നമ്പർ 43 /18

വിഷയം- സഹകരണ വകുപ്പ്- കാലവർഷക്കെടുതി-ദുരിതാശ്വാസ നടപടികൾ- സംബന്ധിച്ച്.

സൂചന- 1. സർക്കാരിൽ നിന്നും ലഭിച്ച 18.8.2018 ലെ പി.എസ്.1/480/2018 സഹ. നം. കത്ത്.
2. സർക്കുലർ നം. 42/2018

********

കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് സൂചന(2) പ്രകാരം പുറപ്പെടുവിച്ച സർക്കുലർ നിർദ്ദേശങ്ങൾക്കുപുറമെ എല്ലാ സഹകരണ സംഘങ്ങളും പാലിക്കേണ്ട നിർദ്ദേശങ്ങൾ സർക്കാരിൽ നിന്നും സൂചന(1) പ്രകാരം ലഭ്യമായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ലഭിക്കുന്ന സംഭാവനകൾക്ക് സഹകരണ ബാങ്കുകൾ ഈടാക്കുന്ന കമ്മീഷനുകൾ, എക്സ്ചേഞ്ച് ചാർജ്ജുകൾ എന്നിവ ഒഴിവാക്കേണ്ടതും, ദുരിതബാധിതർക്കുവേണ്ടി സർക്കാർ നൽകുന്ന തുക നിക്ഷേപിക്കുന്ന ബാങ്ക്അക്കൗണ്ടുകളിൽ മിനിമം ബാലൻസ് സൂക്ഷിക്കണമെന്ന നിബന്ധന ഒഴിവാക്കണമെന്നും എല്ലാ സഹകരണ സംഘങ്ങൾക്കും നിർദ്ദേശം നൽകുന്നു. ജോയിന്റ് രജിസ്ട്രാർമാർ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്

ഒപ്പ്
എസ്. ഷാനവാസ്, ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്-

1. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
2. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും
3. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
(ജോയിന്റ് രജിസ്ട്രാർ/ഡയറക്ടർ(ജനറൽ/ആഡിറ്റ്) മുഖേന)
4. എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും(ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
5. ജനറൽ മാനേജർ എല്ലാ ഡി.സി.ബി യ്ക്കും
6. എല്ലാ അപ്പക്സ് സ്ഥാപനങ്ങൾക്കും
7. സ്റ്റോക്ക് ഫയൽ
8. വെബ് സൈറ്റ്

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ(വിജിലൻസ്)